# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **4316.** 19..10..2011-ൽ മറുപടിക്ക്

## കാലിത്തീറ്റ സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.ചന്ദ്രശേഖരൻ.** | **ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പാലിന്റെ വില കൂട്ടിയപ്പോൾ കാലിത്തീറ്റ സബ്സിഡി എടുത്തു കളഞ്ഞതിന്റെ ഫലമായി ക്ഷീരകർഷകർ കാലിത്തീറ്റ വാങ്ങുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) പാൽവില വർദ്ധിപ്പിക്കുന്നതിനു മുമ്പു തന്നെ മേഖലാ യൂണിയനുകൾ പ്രത്യേകമായി നൽകിവരുന്ന കാലിത്തീറ്റ സബ്സിഡി നിർത്തലാക്കുവാൻ തീരുമാനിച്ചിരുന്നു. സബ്സിഡി നൽകിയ കാലത്തെ മേഖലാ യൂണിയനുകളുടെ സാമ്പത്തിക പ്രതിസന്ധി കൂടി കണക്കിലെടുത്താണ് കാലിത്തീറ്റ സബ്സിഡി പിൻവലിച്ചത്. എന്നാൽ മിൽമ കാലിത്തീറ്റ വില്പനയിൽ വ്യതിയാനം വന്നിട്ടില്ല. |
| (ബി) ഇതിന്റെ ഫലമായി പാലുല്പാദനം കുറഞ്ഞിട്ടുണ്ടോ എന്നും പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ? | (ബി) പാൽവില വർദ്ധനവിനു ശേഷം മിൽമ സംഭരിക്കുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.